പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 25.06.2014- ൽ മറുപടിക്ക്

നം. 4029

അച്ചൻകോവിൽ പ്രൈമറി ഹെൽത്ത് സെന്ററിൽ ആംബുലൻസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. രാജു | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | കൊല്ലം ജില്ലയിലെ ഒറ്റപ്പെട്ട ഗിരിവർഗ്ഗ കേന്ദ്രമായ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിൽ(അച്ചൻകോവിൽ) ഒരു ആംബുലൻസ് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; | എ) | യൂറോപ്യൻ കമ്മീഷൻ മുഖേന അച്ചൻകോവിൽ പി. എച്ച്. സി-ക്ക് ആംബുലൻസ് നൽകിയിട്ടുണ്ട്. പ്രസ്തുത ആംബുലൻസിന്റെ റിപ്പയറിംഗ്, മറ്റു ചിലവുകൾ ഡ്രൈവറുടെ ശമ്പളം എന്നിവ വഹിക്കുന്നതിന് വാഹനത്തിന്റെ ഉടമസ്ഥാവകാശം ആര്യങ്കാവ് പഞ്ചായത്തിന് കൈമാറിയെങ്കിൽ മാത്രമേ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിക്കാൻ കഴിയുകയുള്ളൂ എന്ന് അറിയിച്ചതിനെ തുടർന്ന്, ടി വാഹനത്തിന്റെ ഉടമസ്ഥാവകാശം ആര്യങ്കാവ് പഞ്ചായത്തിന് കൈമാറ്റം ചെയ്തിട്ടുള്ളതുമാകുന്നു. |
| ബി) | പ്രസ്തുത ഹെൽത്ത് സെന്ററിൽ സ്ഥിരം ഡോക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | ബി) | പ്രസ്തുത ഹെൽത്ത് സെന്ററിൽ സ്ഥിരം ഡോക്ടറെ നിയമിച്ചിട്ടുണ്ട്. കൂടാതെ എൻ. ആർ. എച്ച്. എം. മുഖേന മറ്റൊരു ഡോക്ടറുടെ സേവനവും ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| സി) | ട്രൈബൽ വിഭാഗക്കാർ തിങ്ങിപാർക്കുന്ന അച്ചൻകോവിൽ മേഖലയിൽ ഹെൽത്ത് വർക്കർമാരും എസ്. റ്റി. പ്രൊമോട്ടർമാരും ജോലിയിൽ വേണ്ടത്ര ജാഗ്രതകാട്ടുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിലേക്കായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**